**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് 19 - പ്രത്യേക സാഹചര്യം പരിഗണിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പിഴകൂടാതെ അടയ്ക്കുന്നതിനും വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനും വിനോദ നികുതി അടയ്ക്കുന്നതിനുമുള്ള അവസാന തീയതി 31.05.2020 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

G.O. (Rt)No.820/2020/LSGD തീയതി,തിരുവനന്തപുരം, 04/05/2020

---

പരാമർശം:
1) സ.ഉ.(സാധാ) നം.414/2020/തസ്വഭവ തീയതി 18.02.2020.
2) സ.ഉ.(സാധാ) നം.509/2020/തസ്വഭവ തീയതി 28.02.2020.
3) സ.ഉ.(സാധാ) നം.695/2020/തസ്വഭവ തീയതി 20.03.2020.

**ഉത്തരവ്**

സംസ്ഥാനത്ത് കോവിഡ് 19 - മായി ബന്ധപ്പെട്ട്, പൊതുജനങ്ങളും വ്യാപാരികളും മറ്റ് സംരംഭകരും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ വസ്തു നികുതി പിഴകൂടാതെ അടയ്ക്കുന്നതിനും വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനും വിനോദ നികുതി അടയ്ക്കുന്നതിനുമുള്ള അവസാന തീയതി 30.04.2020 വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം(3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

നിലവിലെ അടിയന്തര സാഹചര്യം പരിഗണിച്ച് വസ്തു നികുതി പിഴകൂടാതെ അടയ്ക്കുന്നതിനും വ്യാപാര ലൈസൻസ് ഉൾപ്പെടെയുള്ള വിവിധ ലൈസൻസുകൾ പുതുക്കുന്നതിനും വിനോദ നികുതി അടയ്ക്കുന്നതിനുമുള്ള അവസാന തീയതി 31.05.2020 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**സബിത.എസ്.ഡി**
ഡെപ്യൂട്ടി സെക്രട്ടറി

പകർപ്പ് :
പഞ്ചായത്ത്ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കും (ബന്ധപ്പെട്ട ഡയറക്ടർ മുഖേന).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ/എൽ.ബി.എ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം.
തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്.
തദ്ദേശ സ്വയം ഭരണ (എഫ് എം) വകുപ്പ്.

Scanned with CamScanner